ENTRI

1 Crore User Downloads

# CURRENT AFFAIRS 19 APR 2025



## ലോക കരൾ ദിനം

ഏപ്രിൽ 19

- 2025 Theme - Food is Medicine
- കരളുമായി ബന്ധപ്പെട്ട രോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഏപ്രിൽ 19 കരൾദിനമായി ആചരിക്കുന്നു.

---

## 2025-ലെ വനിതാ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ കിരീടം സ്വന്തമാക്കിയത്

ജു വെൻജുൻ (ചൈനീസ് ഗ്രാൻഡ് മാസ്റ്റർ)

- ജു വെൻജുന്റെ തുടർച്ചയായ അഞ്ചാം വനിതാ ലോക ചെസ് ചാമ്പ്യൻഷിപ്പ് കിരീടനേട്ടമാണിത്.
- വനിതാ ചെസിൽ അഞ്ചുതവണ ലോക ചാമ്പ്യനാകുന്ന നാലാമത്തെ താരമാണ് ജു വെൻജുൻ. വെരാ മെൻചിക് (Vera Menchik), നോന ഗാപ്രിൻഡാഷ്വിലി (Nona Gaprindashvili), മായാ ചിബുർഡാനിസെ (Maia Chiburdanidze) എന്നിവരാണ് ഇതിനുമുമ്പ് അഞ്ചുവട്ടം ലോകചാമ്പ്യൻസായിട്ടുള്ളത്.



ജു വെൻജുൻ

---

## 2025 ഏപ്രിലിൽ അന്തരിച്ച തെലങ്കാനയുടെ 'വൃക്ഷമനുഷ്യൻ' എന്നറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകൻ

ദാരിപ്പള്ളി രാമയ്യ

- വനവത്കരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുന്നിട്ടുനിന്ന അദ്ദേഹം 'വനജീവി' എന്നപേരിലും അറിയപ്പെട്ടിരുന്നു.
- പരിസ്ഥിതി സംരക്ഷണങ്ങളുടെ ഭാഗമായി ഒരു കോടിയിലേറെ വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിച്ചത്.
- പരിസ്ഥിതി സംരക്ഷണത്തിനായുള്ള അദ്ദേഹത്തിന്റെ സംഭാവനകൾക്ക് 2017-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു.



ദാരിപ്പള്ളി രാമയ്യ

---

## ഇന്ത്യൻ പ്രീമിയർ ലീഗിന്റെ (ഐപിഎൽ) ചരിത്രത്തിൽ മാൻ ഓഫ് ദ് മാച്ച് പുരസ്കാരം നേടുന്ന പ്രായം കൂടിയ താരം

എം.എസ്. ധോണി



എം.എസ്. ധോണി

---

## ന്യൂസ് വീക്കും സ്റ്റാറ്റിസ്റ്റയും ചേർന്ന് തയ്യാറാക്കിയ 2024-ലെ ലോകത്തിലെ ഏറ്റവും മികച്ച ആശുപത്രികളുടെ റാങ്കിംഗിൽ 97-ാം സ്ഥാനം നേടിയ ഇന്ത്യയിലെ ആശുപത്രി

ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്), ന്യൂഡൽഹി

ALL-INDIA INSTITUTE OF MEDICAL SCIENCES
AIIMS (New Delhi)